


# മരതക ദ്വീപിലെ ആർദ്ര വിഭാതം

**കേരളത്തിന്റെ** ഗന്ധവും സ്പർശവും സാംസ്കാരിക പൈതൃകങ്ങളും പങ്കുവെക്കുന്ന ലക്ഷദ്വീപിലേക്കൊരു യാത്ര, കാലമേറെയായി മനസ്സിലെ മോഹമായിട്ട്. ഇതിനിടയിലാണ് മുല്ലക്കോയയുടെ പുസ്തകം കണ്ണിൽ പെടുന്നത്. ലക്ഷദ്വീപിലെ രാക്കഥകൾ.

പകലറുതിയോളം കടലിലും തെങ്ങിൻ തടപ്പിലും ദേഹണ്ണിക്കുകയും രാത്രി കുടുംബസമേതം തിരമാലകളുടെ സംഗീതസാന്ദ്രമായ തീരങ്ങളിൽ പ്രാരാബ്ധങ്ങളെ പ്രാകിയും സ്വപ്നങ്ങളെ ധ്യാനിച്ചും രാവേറെ ചെല്ലുവോളം കഥകൾ പറഞ്ഞുറങ്ങുന്ന, തിരക്കുകളേതുമില്ലാത്ത സാധു മനുഷ്യർ. അവരുടെ ആതങ്കഹർഷങ്ങൾ. അവിടെയെത്തുക, അവരിലേക്കെത്തുക. ഇതൊരു ഭൂതാവേശമായി മനസ്സിൽ ചുരമാന്തിനിന്നു. അഗത്തി ദ്വീപിലെ ആത്മസുഹൃത്ത് ചാളക്കാടൻ കോയയിലൂടെ ഈ അതിമോഹം അപ്രതീക്ഷിതമായി സാർഥകമായി. പ്രമാണങ്ങളെല്ലാം ഒപ്പിച്ചുതന്നത് കോയ. *എം.വി ഭാരത് സീമ.* സാമാന്യം വലിയ കപ്പൽ. എത്ര പെട്ടെന്നാണ് കപ്പലിന്റെ ഡക്കിലും ഉള്ളകത്തും ആളുകൾ കുമിയുന്നത്. സന്ദർശക യാത്രികർ വളരെ വിരളം. എല്ലാവരും ജീവിത സംഘർഷങ്ങളുടെ കുരുക്കുമുട്ടുകൾ അറുക്കാൻ കരയിലെ കണിയാന്മാരെ തേടിയെത്തിയവർ. രോഗം, ചികിത്സ, മക്കളുടെ പഠനം, വിവാഹാവശ്യങ്ങൾ, കോടതി വ്യവഹാരങ്ങൾ ഇങ്ങനെ പോകുന്നു പ്രശ്നങ്ങൾ. കുട്ടികളും വൃദ്ധജനങ്ങളും സ്ത്രീകളും. നിലക്കാത്ത നൊമ്പരത്തിന്റെയും ആരും കേൾക്കാത്ത നിലവിളിയുടെയും സ്വരഭേദങ്ങൾ അവരുടെ നെഞ്ചകങ്ങളിൽ ധിമിധിമിക്കുന്നത് കേൾക്കാം. കാലപരിധിക്കുള്ളിലെ മനുഷ്യജന്മത്തിന്റെ കഷ്ടാനുഭവങ്ങൾ. ഇവരുടെ വട്ടമുഖങ്ങളിൽ നിഷ്കളങ്കതയും നിർവികാരതയും കനത്തുനിൽക്കുന്നു. അതുകൊണ്ട് തന്നെ ഡക്കും ലോബിയും വെറും തറയും ഇവർക്കൊരുപോലെ സുഖം. സ്വസ്ഥം.

*ഭാരത് സീമ* ഞങ്ങളെയുമായി അറബിക്കടലിന്റെ അപാരതയിലേക്കിറങ്ങി. ഭയവും ഉദ്വേഗവും മനസ്സിലേക്ക് ഇരമ്പിയടുത്തു. ഒരു കുട്ടക്കകത്ത് അടക്കപ്പെട്ട കോഴിക്കുഞ്ഞിനെപ്പോലെ നിസ്സഹായവും നിയന്ത്രിതവുമാണ് കടൽയാത്ര. ചക്രവാളം നാലു പാടും സമുദ്രത്തിൽ മുട്ടിനിൽക്കുന്നു.

ആകാശത്തിന്റെ തുറസ്സിൽ വെൺമേഘക്കീറുകൾ പാറി നടക്കുന്നു. അന്തരീക്ഷത്തിലൂടെ പരന്നൊഴുകുന്ന ഉപ്പുകാറ്റ് കടൽപരപ്പിനെ നിരന്തരം പ്രകോപിപ്പിച്ചു. കപ്പലിന്റെ അലോസരമുണ്ടാക്കുന്ന ചാഞ്ചാട്ടങ്ങൾ സന്തുലനം ചോർത്തിയ യാത്രക്കാരിൽ കടൽ ചൊരുക്കായി മാറി. കപ്പൽ പരിസരങ്ങളിൽ ഡോൾഫിനുകൾ ആചാര നൃത്തം ചെയ്തു. വിദൂരതകളിൽ പറക്കും മത്സ്യങ്ങളുടെ കുഞ്ഞുകൂട്ടുങ്ങൾ ആരെയോ പ്രാകിപ്പറന്നു. ലക്ഷ്യം തെറ്റിയ മൂന്ന് നാലെണ്ണം കപ്പൽ തളത്തിലേക്ക് പാറി വീണു. നിസ്സഹായതയോടെ അവ ഞങ്ങളുടെ മുന്നിൽ ജീവനുവേണ്ടി പിടഞ്ഞു. പിന്നാലെ ഓടിയ കുട്ടികൾ ഇതിന്റെ ചിറകുകൾ കൂട്ടിപിടിച്ചു രസിച്ചു നടന്നു. തിരമാലകളിൽ ആലോലമാടി കപ്പൽ ശ്രീഘ്രം പടിഞ്ഞാറോട്ടു പാഞ്ഞു. പതിയെ ഡക്കിലേക്ക് കയറി. സമയം അസ്തമയത്തോടടുക്കുന്നു. സമുദ്രത്തിൽ വെച്ചൊരു അസ്തമയ ദൃശ്യം. അപാരചാരുതയാണാ കാഴ്ച. കപ്പൽ യാത്രയുടെ സർവ അലോസരങ്ങളും വിസ്മൃതമാകുന്ന ദൃശ്യാനുഭവം. ചക്രവാളത്തിന്റെ തങ്ക രശ്മികൾ തട്ടി സമുദ്രമാകെ തങ്കിനിൽക്കുന്നു. തിരമാലകൾ അപ്പോഴും അറേബ്യൻ മരുഭൂമിയിലെ ഡൂണുകൾ പോലെ ഭ്രാന്തമായി സഞ്ചരിച്ചു. കിഴക്കുനിന്നെത്തുന്ന ഇരുട്ട് കടലിനെ വിഴുങ്ങി തുടങ്ങി. കപ്പലിനകത്ത് വിളക്കുകൾ തെളിഞ്ഞു. യാത്രക്കാരേറെയും പ്രാർഥനയിൽ മുഴുകി. മെല്ലെ ബർത്തിലേക്കു കയറി. മനസ്സിൽ ഉറക്കത്തെ ധ്യാനിച്ചു കിടന്നു. എപ്പോഴാണെന്നറിയില്ല ഭീതിയും ക്ഷീണവും ഉറക്കത്തിന്റെ കയങ്ങളിലേക്കെടുത്തിട്ടത്. ആളുകളുടെ കലപില കേട്ടാണുണർന്നത്. നേരം വെളുക്കാറാകുന്നു. സമുദ്രത്തിൽ ഒരു ഉദയവും. അസ്തമയത്തേക്കാൾ ഹൃദയഹാരിയാണ് ഉദയം. മെല്ലെ മെല്ലെ കടൽ തരളതാരുണ്യം തേടി.

ആളുകളെ നിരീക്ഷിച്ചുകൊണ്ട് സമയം തള്ളി. അടുത്തിരിക്കുന്നത് ആന്ത്രോത്തുകാരൻ കോയ. അയാൾ തുരതുരാ സംസാരിച്ചുകൊണ്ടിരുന്നു. കരയെത്തുന്നതുവരെ ജീവനുവേണ്ടി പ്രാർഥിച്ചുകൊണ്ടിരിക്കുന്ന എന്റെ പരലോകമോക്ഷത്തിലാണ് ആന്ത്രോത്ത് കോയക്ക് ആധി. അതിനായി മീർസാ മസീഹിൽ വിശ്വസിക്കാൻ യുക്തിയോടെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. കൊടിയത്തൂരിനടുത്തായിട്ടും എനിക്ക് 'അഖീദ' തെറ്റിയതിൽ യഥാർഥത്തിൽ തന്നെ അയാൾക്ക് സങ്കടം. അഹ്മദീ പുസ്തകങ്ങൾ കുത്തിനിറച്ച പുസ്തക സഞ്ചി അയാൾ എന്റെ മുന്നിൽ കൊട്ടിച്ചൊരിഞ്ഞു. പിന്നീട് പ്രവാചക പരിസമാപ്തിയെ സംബന്ധിച്ച ദീർഘ സംവാദം. ആലസ്യം വെടിഞ്ഞ് നിരവധി പേർ ശ്രോതാക്കളായെത്തി. 'ഉപ്പയും ഉപ്പൂപ്പയും അഹ്മദിയ്യത്തിൽ ബൈഅത്ത് ചെയ്തവരാണ്. ഇതിലപ്പുറമെനിക്ക് തെളിവുകൾ വേണ്ടെ'ന്ന കോയയുടെ യുക്തിവാദത്തോടെ സംവാദം അന്ത്യം കണ്ടു. വിശ്വാസബോധ്യത്തിന്റെ വഴിഭേദങ്ങൾ എത്ര വിചിത്രമാണ്.

ആന്ത്രോത്ത് കോയ തട്ടിവിളിച്ചു. അതാ സാർ കര. വിദൂരതയിൽ മങ്ങിയ മേഘക്കീറുപോലെ. പിന്നെയും ഒരു മണിക്കൂർ. മെല്ലെ മെല്ലെ പച്ചത്തലപ്പുകൾ കാണാറായി. നയനാനന്ദകരമാണീ ദൃശ്യം. ഒന്നര ദിവസത്തോളം നീണ്ട അടഞ്ഞ കപ്പൽ യാത്ര. ക്രമേണ വേഗത മങ്ങി കപ്പൽ നങ്കൂരം ചാർത്തി. കപ്പൽ പരിസരത്തേക്ക് പറന്നുവരുന്ന കുഞ്ഞു ബോട്ടുകൾ തിരമാലകളുടെ നിമ്നോന്നതകളിൽ ആലോലമാടി. ഒരു റഷ്യൻ ആക്രോബാറ്റ് താരത്തിന്റെ മെയ്വഴക്കത്തോടെ വേണം കപ്പലിൽനിന്നും ബോട്ടിലേക്കിറങ്ങാൻ. ആരുടെയോ തോളിൽ തൂങ്ങി ബോട്ടിലെത്തി. പെട്ടിയും പ്രമാണവും ആന്ത്രോത്തിലെ കോയ ബോട്ടിലേക്കിട്ടുതന്നു.

ബോട്ട് യാത്ര ഭീകരം. ജനസഞ്ചയം അവരുടെ സർവ ജംഗമ വസ്തുക്കളുമായി ബോട്ടിലേക്ക് അധിനിവേശിച്ചുകഴിഞ്ഞു. പെരുവിരൽ നിർത്താൻ പോലുമിടമില്ല. കടൽ ജലത്തിന്റെ കടും നീലിമ മനസ്സിൽ കാളിമ തീർത്തു. ശ്രീഘ്രം നീന്തിയ ബോട്ടു കൂട്ടങ്ങൾ പതിയെ ലഗൂണിലേക്കു കയറി. മനോഹരമാണ് ലഗൂൺ. കടൽ തറയിൽ വർണ വൈവിധ്യത്തിന്റെ ഇന്ദ്രജാല വിസ്മയങ്ങൾ. ഒളിചിതറുന്ന പവിഴപ്പുറ്റുനിര സൗന്ദര്യത്തിന്റെ അപൂർവ ദൃശ്യം. നീന്തി നടക്കുന്ന മത്സ്യജാലപ്പെരുമ. ഒഴുകി നടക്കുന്ന കരിമ്പാറ പാളികൾ പോലെ വൻ ആമക്കൂട്ടങ്ങൾ. കടൽകാറ്റിന്റെ ആർദ്ര സംഗീതം മോന്തി നിൽക്കുന്ന തെങ്ങോലപ്പീലികൾ. തരംപോലെ കരയിൽ തെങ്ങിൻ തലപ്പിന്റെ താലവൃന്ദം. പിടഞ്ഞു പാഞ്ഞ യന്ത്രത്തോണി അരുമയോടെ ജട്ടിയിൽ മുട്ടി നിന്നു. ആളുകൾ തിടുക്കപ്പെട്ടു ജെട്ടിയിലേക്ക് പിടഞ്ഞു ചാടി. ആഴ്ചകളായി നാടുവിട്ടവർ. കരയിലും കപ്പലിലുമുള്ള അടഞ്ഞ ജീവിതം പിന്നിട്ട് സ്വന്തം കൂര പറ്റിയ സന്തോഷം. ആൾ ബഹളങ്ങൾക്കിടയിൽ നല്ല കോയ മുന്നിൽനിന്ന് ചിരിക്കുന്നു. *അസ്സലാമു അലൈക്കും, യാ ഹബീബി.*

കരയിൽ നിന്നും തീർത്തും വ്യത്യസ്തമീ മണ്ണും മനുഷ്യനും. എപ്പോഴാണ് ഈ ദ്വീപുകൾക്ക്

ഉൺമയായത്? എപ്പോഴാണ് അവിടെ ജീവിതം കുരുത്തത്? ലോകത്ത് രണ്ടുതരം ദ്വീപുകളുണ്ട്. ഒന്ന് വൻകരയുടെ തുടർച്ച, മറ്റൊന്ന് പവിഴ ദ്വീപുകൾ. ഇവ അത്യപൂർവം. ലക്ഷദ്വീപുകൾ ലോകത്തിലെ ഈ അപൂർവതയിൽ ചേരും. ചെറുതും വലുതുമായി നിരവധി. വലുത് പോലും ചെറുത്. മനുഷ്യവാസം പത്തോളം ദ്വീപിൽ മാത്രം. പ്രവാചക സന്നിധിയിലേക്ക് അറബിക്കപ്പലിൽ യാത്ര പോയ ചേരമാൻ പെരുമാളിനെ തിരികെ കൊണ്ടുവരാൻ ചിറക്കൽ തമ്പുരാൻ അയച്ച നാവികരാണത്രെ ഈ മരതക ദ്വീപിനെ മലബാറിന് പരിചയപ്പെടുത്തിയത്. ദ്വീപ് അവിടെ കൃഷി ചെയ്യുന്നവർക്കാണന്ന ചിറക്കൽ പ്രമാണത്തിലാകൃഷ്ടരായി ചിറക്കലിൽനിന്ന് പോയവരാണത്രെ ആദ്യ ദ്വീപ് കുടിയേറ്റക്കാർ. എന്നാൽ അജ്ഞാതഭൂതകാലത്ത് തന്നെ ദ്വീപിൽ മനുഷ്യരുണ്ടായിരുന്നെന്ന് പുരാവസ്തു ശാസ്ത്രം സാക്ഷി പറയുന്നു. ബുദ്ധസംസ്കാര ശേഷിപ്പുകൾ ദ്വീപിൽ പലേടത്തും കണ്ടെടുത്തിട്ടുണ്ട്. ബുദ്ധന്റെ പൂർണകായ പ്രതിമ അഗത്തി മ്യൂസിയത്തിലുണ്ട്. കിഴക്കും പടിഞ്ഞാറുമായി പുരാതന കാലത്തുതന്നെ കപ്പലോട്ടമുണ്ട്. ഗ്രീക്ക്, റോം, മെസപ്പൊട്ടോമിയ, ഫിനീഷ്യ, ഈജിപ്ത്, സോളമന്റെ ഫലസ്തീൻ, ചൈന, ഇന്ത്യ, പോളിനേഷ്യ, സിലോൺ. ഇവരുടെ ഇടത്താവളമായിരുന്നു ദ്വീപുകൾ. ഈ പോക്കുവരവുകളിൽ എപ്പോഴോ ആയിരിക്കാം യാത്രികരിൽ നിന്നും പിണങ്ങിപിരിഞ്ഞ ഒരു കൂട്ടർ വെള്ളവും മത്സ്യവുമുള്ള ദ്വീപുകളിൽ സ്വസ്ഥ ജീവിതത്തിന് താവളം തേടിയത്. ഇവിടം വിട്ടുപോകാൻ പിന്നീട് ഇവർ മടിച്ചിരിക്കാം. ഇവരാരോ ആയിരിക്കാം ശ്രീലങ്കയിൽനിന്നും നാളികേരം ദ്വീപിൽ പാകി മുളപ്പിച്ചത്. കടൽ സഞ്ചാരപഥങ്ങളിൽ കാലവും യന്ത്രങ്ങളും മാറ്റങ്ങൾ സൃഷ്ടിച്ചു. ഒറ്റപ്പെട്ട ദ്വീപുകാർ സ്വന്തമായി കടൽ യാത്രകൾ സംഘടിപ്പിച്ചു. അവർക്കും നിന്ന് പിഴക്കണമല്ലോ. നിവൃത്തികേടുകൾ അവരെ വിദഗ്ധരാക്കി. *അവർക്ക് നാം കരയിലും കടലിലും വാഹനങ്ങൾ നൽകി. ഉത്തമ വസ്തുക്കൾ ആഹാരമായും.* സമുദ്ര യാത്രയിൽ അവർ സ്വന്തമായ പഥരാശികൾ വികസിപ്പിച്ചു. വെറും പലകയിൽ സൂര്യനിഴലുകൾ നോക്കി അവർ ദിക്കും നേരവും ദിശയും നിർണയിച്ചു. *സമുദ്രത്തിലെ അന്ധകാരങ്ങളിൽ നിങ്ങൾക്ക് വഴികാണിക്കാൻ നക്ഷത്രങ്ങളെ ഉപാധിയാക്കിയതും അവനാകുന്നു.* അറബിക്കപ്പലുകളിൽ ഇവർ കപ്പിത്താന്മാരായി. അറബി സമ്പർക്കം ഇവരുടെ വിശ്വാസത്തെ സ്വാധീനിച്ചു. അറേബ്യൻ സത്യസന്ധതയുടെ ആദികാരണത്തിലേക്കവർ ആകർഷിക്കപ്പെട്ടു. ഈ ബോധ്യമവരെ സത്യവിശ്വാസത്തിലേക്ക് കൂട്ടത്തോടെ ഒഴുക്കിക്കൊണ്ടുപോയി. ദ്വീപുകാർ വികസിപ്പിച്ച കപ്പലോട്ട സൂത്ര വിദ്യകളാണ് 'മാൽമിക്കണക്ക്.' മാൽമി കണക്ക് പലകയുമായി ദ്വീപിലെ മാൽമികൾ അരയന്നങ്ങളെ പോലെ സപ്ത സമുദ്രങ്ങളിലും നീന്തിനടന്നു. അങ്ങനെ ദ്വീപുകൾ ജനനിബിഡമായി. കൃഷി നിബിഡമായി. ഇതിലൊന്നാണ് അഗത്തി. ഇത്തിരി പോന്നൊരു തുണ്ടുഭൂമി.

ഒരു കത്തിത്തലപ്പിന്റെ ആകൃതി ആയതുകൊണ്ടാണത്രെ ഇങ്ങനെ പേര് വന്നത്. ഒരു മണിക്കൂറുകൊണ്ട് കണ്ടു തീർക്കാവുന്ന അകത്തി ദ്വീപ് നാലു ദിവസം കൊണ്ട് നെടുകെയും കുറുകെയും കണ്ടു നടന്നു. ഈ മഹാസമുദ്രത്തിന്റെ വിദൂരതയിൽ ഒരു കുഞ്ഞു തുരുത്ത്. തുരുത്തിന് ചുറ്റും ശാന്തമായ ലഗൂൺ. ലഗൂണിനടയിൽ പവിഴപുറ്റുകൊണ്ട് ബലിഷ്ഠമായൊരു ഉരുക്കു കോട്ട. ദ്വീപുകാർക്ക് ഇത് 'ബില്ലം'. ബില്ലത്തിനപ്പുറത്താണ് ആഴക്കടലും തിരമാലകളും. ആഴക്കടലിലെ തിരമാലകൾ ബില്ലത്തിൽ തട്ടി നുരമാലകൾ ചമക്കുന്നു. ഈ തിരക്കുത്തുകൾ ദ്വീപിനെ മാന്തി കുടയുന്നത് ഉരുക്ക് സമാനമായ ബില്ലമാണ് തടയുന്നത്. വൃത്തിയുള്ള കടൽത്തീരം. താരാട്ട് പാടുന്ന കാറ്റ്. തട്ടും തടവും അതിരും മതിലും ഇല്ലാത്ത പരന്ന ഭൂമി. എപ്പോഴാണ് ഈ ഇത്തിരി തുരുത്ത് കടലിൽനിന്നും നിവർന്ന് പൊങ്ങിയത്! എപ്പോഴാണ് ഇവിടെ മനുഷ്യജീവിതത്തിന്റെ തുടിപ്പുകൾ സ്ഥിരപ്പെട്ടത്. അകത്തിയിലെ പുരാതന മഖ്ബറക്കുള്ളിൽ ഇതിന്റെ ഉത്തരമുണ്ടാകും.

മൊത്തം ജനം 5000-നു താഴെ. ഏതാണ്ടെല്ലാവരും ബന്ധുക്കൾ. പരമ സാത്വികരായ സാധുമനുഷ്യർ. കടലും തെങ്ങും അവരുടെ ജീവിത നീൾച്ചയെ റാഞ്ചിപ്പറക്കുന്നു. വെയിലും അധ്വാനവുമാകാം അവർക്ക് കൃഷ്ണ വർണം ചാർത്തിയത്. ആർഭാടരഹിതമായ കുഞ്ഞു വീടുകൾ. തറപടുത്തുകെട്ടുന്നത് കടൽ ജല്ലികൊണ്ട്. സ്വയം സന്നദ്ധരായ ചെറുപ്പക്കാർ വേലിയിറക്ക നേരങ്ങളിൽ കൂട്ടം ചേർന്ന് അവരിലൊരാൾക്കുവേണ്ടി ജല്ലി പെറുക്കുന്നു. സംഘബോധത്തിന്റെ ആഹ്ലാദകരമായ ആദാന പ്രദാനങ്ങൾ. ചുമര് പടുത്തൊരുക്കുന്നത് കല്ലുകൊണ്ട്. അകത്തിയിലെ പലേടത്തും മണൽ പരപ്പ്. നാലഞ്ചു മീറ്റർ മാന്തിയെടുത്താൽ ഗാഢത മുറ്റിയ വെളുത്ത കല്ലുകൾ. കൽമഴു കൊണ്ട് തന്മയത്വത്തോടെ പൊളിച്ചെടുത്താൽ നമ്മുടെ സിമന്റ് ബ്രിക്കു പോലെ. പടുത എളുപ്പം.

ചാന്തിന് കടൽ ജല്ലി നീറ്റിയ കുമ്മായം. തെങ്ങിൻ തടി കൊണ്ട് മേൽക്കൂര. അതിനു മീതെ തെങ്ങോല കൊണ്ടൊരു മേഞ്ഞുകെട്ട്. അല്ലെങ്കിൽ കരയിൽനിന്ന് എത്തുന്ന മണ്ണോടുകൾ. ചെറുതെങ്കിലും വൃത്തിയും മെനയുമുള്ള വീടുകൾ ഗ്രാമ്യ ശാന്തിയുടെ ആത്മാവ് തേടുന്നു. മേൽകൂര മേയാനുള്ള തെങ്ങോലകൾ കെട്ടുകെട്ടുകളായി കടലിൽ കുതിരാനിട്ടതു കണ്ടു. വീട്ടു മുറ്റത്തിരുന്ന് ചന്തത്തിൽ ഓല മെടയുന്ന സ്ത്രീകൾ തുരുതുരാ സംസാരിച്ച് കൊണ്ടിരിക്കുന്നു. അപരിചിതരെ കണ്ടതാകാം ശബ്ദം താഴ്ത്തി മുഖത്ത് നാണം വരുത്തി. മിക്ക വീട്ടുമുറ്റത്തും തെങ്ങിൻ തടികൊണ്ട് കെട്ടിപ്പൊക്കിയ ഒരു സ്റ്റേജ്. ഇത് ദ്വീപുകാരുടെ 'പറം.' വീട്ടു ജോലികൾ തീർത്ത അപരാഹ്നങ്ങളിൽ സ്ത്രീകൾ അയൽക്കാരികളോട് പറത്തിലിരുന്ന് വെടിവട്ടം തീർത്തു. ഓരോ വീട്ടിലും സ്വന്തമായി കിണറുകൾ. ഇത് അവർക്ക് തന്നെ കുഴിച്ച് തീർക്കാവുന്നതേയുള്ളൂ. മൂന്നോ നാലോ മീറ്റർ കുഴിച്ചെത്തിയാൽ മതി. ശുദ്ധജലം വെള്ളിയായി തുള്ളി നിൽക്കുന്നു. ഉപ്പുജലത്തിന്റെ പെരും നടുവിലും ശുദ്ധ ജലത്തിന്റെ വിസ്മയം.

വീടും പറമ്പും വേർതിരിക്കുന്ന അതിരുകൾ ഏതുമില്ല. തുറന്ന ഭൂമി. നാട് ആസകലം ലളിതം. ശത്രുത കടന്നുവരാവുന്ന സകല പാലങ്ങളും അവർ നേരത്തെ മുറിച്ചുകളഞ്ഞിരിക്കുന്നു. വീട്ടുമുറ്റങ്ങളിലൊക്കെയും തേങ്ങയും കൊപ്രയും ചകിരും. അലസതയെ തെറിപ്പിച്ച് കൊപ്ര കീളുന്ന വൃദ്ധന്മാർ. ഗോത്രവർഗങ്ങളുടെ നിരങ്കുശ സ്തോഭങ്ങളും ശിക്ഷിതമായ സന്നദ്ധതയും. അവയവ ദാർഢ്യവും ആരോഗ്യവുമുള്ള വാർധക്യം. ദ്വീപിന് മൊത്തം വെളിച്ചെണ്ണയുടെ മാദക ഗന്ധം. തെങ്ങിൻ നീര് (മീര) ചെത്തിവിൽക്കുന്ന യുവാക്കൾ. ചെത്തിയിറക്കുന്ന മീര ആസ്വാദ്യകരമായ കുടിനീര്. ആടും കോഴിയും ദ്വീപിന് സ്വന്തം. കൂടും കയറുമില്ലാതെ അവർ ദ്വീപാസകലം ഇരതേടുകയും ഇണചേരുകയും ചെയ്യുന്നു. കോഴികൾക്കൊക്കെ ചിറകുകളിൽ തുണിശീലകൊണ്ടൊരു ചുറച്ചുകെട്ട്. ഉടമാധികാരത്തിന്റെ പ്രമാണം. അത്യപൂർവമായി തറജപ്പക്ഷികൾ. ചൂര മത്സ്യം കടലിൽ പുളക്കുന്നത് അവരാണത്രെ മീൻ പിടുത്തക്കാർക്ക് കാട്ടിക്കൊടുക്കുന്നത്. മത്സ്യവും മത്സ്യബന്ധന സൂത്രങ്ങളും ദ്വീപ് ജീവിതത്തിന്റെ തനതുകൾ. ഒറ്റപ്പെടലിന്റെ മഹാഭൂതകാലങ്ങളിൽ ഗതകാല തലമുറക്ക് അന്നം നൽകിയത് ഈ കടൽ. ഇന്നും മീൻ കൊയ്ത്ത് കഴിഞ്ഞെത്തുന്നവർ നല്ല ഭാഗം ഉദാരമായി ദാനം ചെയ്യുന്നു. എന്തിനാണിത്ര ഉദാരത എന്ന അന്വേഷണത്തെ മീൻ പിടിച്ചെത്തിയ ബോട്ടിലെ വാല്യക്കാരൻ നേരിട്ടത്, 'ഇത്രയും അല്ലാഹുവിന്റെ ഉദാരതയല്ലേ' എന്ന മറുചോദ്യം കൊണ്ട്. കടലിൽ തുടിച്ച് കുളിക്കുന്ന കുട്ടികൾ. ഉദാരതയുടെ കരയോരവും കടലാഴവും. ദ്വീപിൽ ക്ഷുദ്ര ജീവികൾ ഏതുമില്ല. പട്ടിയും കുറുക്കനും പാമ്പും തേളും പഴുതാര പോലും. ഏതു രാത്രിയിലും എവിടെയും എങ്ങനെയും ഇറങ്ങി നടക്കാം. വീട്ടുമുറ്റത്തെ മണൽ പരപ്പിൽ കഥ പറഞ്ഞുറങ്ങുന്ന ഉമ്മയും മക്കളും. ചൂരവേട്ടക്ക്പോയ ബാപ്പക്ക് വേണ്ടി അവർ പ്രാർഥിക്കുന്നുണ്ടാവാം. ഹോട്ടലുകളും ലോഡ്ജുകളുമില്ലാത്ത ദ്വീപിൽ എത്തുന്നവരൊക്കെയും ഇവരുടെ ഉദാരതയുടെ സമൃദ്ധിയിൽ അമ്പരന്നു നിൽക്കും. ഈ അത്യുദാരതക്ക് വിശ്വാസത്തിന്റെ ഒരു ഭൂമിശാസ്ത്രമുണ്ട്.

ഏതു നാട്ടിലെയും പോലെ തലമുറകൾ തമ്മിലുള്ള അകലം ഇവിടെയും വ്യക്തം. കാച്ചിയും അരക്കുപ്പായവും സാറഹാൻ തട്ടവും ഇട്ട പഴയ സൗന്ദര്യത്തെ സാൽവാറും ചുരിദാറും കൊണ്ട് പുതിയ തലമുറ നിരാകരിക്കുന്നു. പാരമ്പര്യങ്ങളോട് പക വീട്ടാനുള്ള അശ്വമേധങ്ങൾ. പള്ളിയിലേക്കുള്ള വഴി. ഉച്ചത്തിലെന്തോ വിളിച്ചുപറയുന്ന ശബ്ദം. ഒരു ചെറുപ്പക്കാരൻ സൈക്കിൾ ചവിട്ടി പതിയെ കടന്നുപോകുന്നു. കളഞ്ഞു കിട്ടിയ പണത്തിന് ആളെ അന്വേഷിക്കുകയാണയാൾ. ഉടമയെ കണ്ടെത്താൻ ദ്വീപ് മുഴുവൻ അയാൾ ചുറ്റിപോകുമത്രെ. ശുദ്ധമായ നാട്, പൊറുക്കുന്ന ദൈവവും. ഈ വിശുദ്ധികൊണ്ടാകാം സൂനാമി തിരപോലും ഈ സ്വപ്ന തീരങ്ങളെ ഭയന്നത്. പള്ളിയിൽനിന്നും തിരികെ പോരവേ നല്ലകോയ ഒരു കുഞ്ഞു ഓലമാടത്തിലേക്ക് കയറി. ദ്വീപിലെ പ്രായം കൂടിയ ആളെ കാണാൻ. കോലായിലെ ചിതലരിച്ച മുക്കാലി പലകയിൽ ഒരാൾ കൂനിയിരിക്കുന്നു. കോയ കുശലം പറഞ്ഞു അവരുടെ നാട്ടുഭാഷയിൽ. ഞങ്ങളെ പരിചയപ്പെടുത്തിയതാവാം. അടർന്നുപോയ കുറ്റിപല്ലുകൾ കാട്ടി അയാൾ ചിരിച്ചു. ശിഷ്ടങ്ങളിലെല്ലാം വെറ്റിലക്കറകൾ. ആ കണ്ണുകളിൽ ദൈന്യതയുടെ വെയിൽപുള്ളികൾ മേയുന്നു. മാൽമീകണക്കിന്റെ ബൈത്തും ഹിസാബും നോക്കി എത്ര തവണ ഇയാൾ അറബിക്കടലിൽ നെടുകെയും കുറുകെയും സഞ്ചരിച്ചു കാണും.

രാത്രി ഉറങ്ങിയത് കടാപ്പുറത്ത്. നിലാവിൽ കുളിച്ചു നിൽക്കുന്ന തീരം. കടൽ കാറ്റിന്റെ തൂവൽ സ്പർശം. 'സാറെ നാളെ നമുക്ക് ബംഗാരത്തു പോണം.' കോയ മെല്ലെ കാതിൽ പറഞ്ഞു. അക

ത്തിയെ കൂടാതെ മൂന്ന് ദ്വീപുകൾ കൂടി. കാൽപെട്ടി, തിണ്ണകര, ബംഗാരം. കാൽപെട്ടി വളരെ അടുത്തെങ്കിലും തിണ്ണക്കരയും ബംഗാരവും ഒരു മണിക്കൂർ ബോട്ട് യാത്രയുടെ അകലം.

അതിരാവിലെ സുഹൃത്തുക്കളെയുമായി നല്ല കോയയെത്തി. കൂടെ രണ്ടു മൂന്ന് ഭാണ്ഡകെട്ടുകളും. ബംഗാരത്തെത്തിയാൽ ഭക്ഷണം ഒരുക്കാനുള്ള സന്നാഹങ്ങൾ. ജട്ടിയിൽ ബോട്ടു റെഡി. കോയയും സുഹൃത്തുക്കളും ബോട്ടിൽ കയറി. അബ്ദുല്ല മൗലവി, ജബ്ബാർ കോയ, കോയ കോയ, നല്ല കോയയും. നല്ല കോയയും പരകോയമാരും ചേർന്ന് എന്നെ ആഘോഷമായി ബോട്ടിലേക്ക് എടുത്തുവെച്ചു. അതിരാവിലെ തുറന്ന സമുദ്രത്തിലൂടെ ഒരു ബോട്ടു യാത്ര. ധനുമാസ കുളിരുപോലെ. ചിരിയും വർത്തമാനങ്ങളും. ദ്വീപ് മലയാളത്തിൽ നല്ലകോയ നിർത്താതെ പാട്ടു പാടി. ആസ്വാദനത്തിന്റെയും ആത്മഹർഷത്തിന്റെയും സമയം തീർന്നു. കടലിന് കാറ്റ് പിടിച്ചു. ബോട്ട് കടൽ പരപ്പിൽ ഭീകരമായി ഉലഞ്ഞാടി. ദയനീയമായി ഞാൻ നല്ല കോയയെ നോക്കി. കോയ പതിയെ ചുമലിൽ പിടിച്ചു. തലയിൽ കൈ വെച്ചു. ആയത്തുൽ കുർസിയും മുഅവ്വദതൈനിയും നിർത്താതെ ഓതി. "ഇതൊരു ചെറിയ നീർക്കെട്ട് വന്നതാ സാറേ. അര മണിക്കൂർ കൊണ്ട് ശമിക്കും. സാറ് ധൈര്യം പിടിക്ക്. അല്ലാഹു രക്ഷിക്കും. ഇക്കണ്ടകാലത്തിനിടയിൽ അഗത്തിക്കും ബംഗാരത്തിനുമിടയിൽ ഒരു ബോട്ടും മുങ്ങിയിട്ടില്ല. അല്ലാഹു മുക്കുകയില്ല. വേണ്ടിവന്നാൽ സാറിനെയുമായി ഞാൻ അഗത്തിവരെ നീന്തും." ഇങ്ങനെ സ്നേഹം കൊണ്ട് ധൈര്യം നൽകാൻ നല്ല കോയക്കേ കഴിയൂ. ബോട്ട് നിർദയം ഞങ്ങളെ എടുത്തിട്ട് കുലുക്കി. കടൽ വെള്ളം ബോട്ടിൽ കയറുന്നതും ബോട്ട് മുങ്ങുന്നതും മനസ്സിൽ കണ്ടു. സമുദ്രത ൽപത്തിൽ ഒഴുകി നടക്കുന്ന സ്വന്തം മൃതദേഹം കണ്ടു. ദിവസങ്ങൾക്ക് ശേഷം തീരത്തണയുന്ന എല്ലിൻ കൂടുകൾ കണ്ടു. ഏതു കണ്ടകശനിയിലാണ് ഞാനീ യാത്രക്ക് ഒരുമ്പെട്ടത്. ജീവൻ ഉള്ളം കൈയിൽ അമർത്തി പിടിച്ച യാത്ര. *സമുദ്രത്തിൽ നിങ്ങളുടെ നൗകകൾ ചലിപ്പിക്കുന്നതവനാകുന്നു. സമുദ്രത്തിൽ നിങ്ങൾക്ക് ആപത്ത് അണയുമ്പോൾ അവനെ കൂടാതെ നിങ്ങൾക്കുള്ളവരൊക്കെയും അപ്രത്യക്ഷരാകുന്നു. എന്നാൽ അവൻ നിങ്ങളെ രക്ഷപ്പെടുത്തിയാലോ നിങ്ങൾ അവനിൽനിന്നും തിരിഞ്ഞുകളയുന്നു.*

മെല്ലെ മെല്ലെ കടൽ പരപ്പിലെ ആലോലമാലകൾ അമർന്നു തുടങ്ങി. കടൽ കായലുപോലെ മെരുങ്ങി നിന്നു. നല്ല കോയയുടെ മുഖത്ത് സന്തോഷത്തിന്റെ ചൂരകൂട്ടങ്ങൾ പുളച്ചുനീന്തി. എനിക്ക് വേണ്ടി നല്ല കോയ പ്രാർഥിച്ചത് ആകാശം തുളച്ച് അർശോളം എത്തിയിരിക്കും. കോയ പ്രാർഥിച്ചാൽ അല്ലാഹു കേൾക്കും. അത്ര ശുദ്ധനാണയാൾ. സമ്പാദ്യങ്ങളേതും ചിറകെട്ടി നിർത്താതെ എല്ലാം തുറന്ന് വിടുന്ന ഉദാരനാണയാൾ. പതിയെ ബോട്ട് തിണ്ണകരയുടെ ഓരം ചാരിപ്പറന്നു. തിണ്ണകരയിലെ തെങ്ങിൻതോപ്പിന് കാറ്റ് പിടിച്ചു. അത് ഞങ്ങളെ മാടി വിളിച്ചു. ക്ഷിപ്രവേഗം കൊണ്ട് ബംഗാരത്തിന്റെ ലഗൂണിലെത്തി.

സ്വപ്ന തുല്യമാണ് ബംഗാരം. മായികമായ കാഴ്ച. പ്രകൃതി അതിന്റെ നഗ്ന സൗന്ദര്യം ഇത്ര നിർലോഭമായി മറ്റെവിടെയും നൽകിയിട്ടില്ല. മനുഷ്യ ഇടപെടൽ എത്താത്ത വിനോദ സഞ്ചാര കേന്ദ്രം. സ്ഥിര താമസക്കാരാരുമില്ല. ഭൂമി ഏറെയും അഗത്തി ദ്വീപിലെ കോയമാരുടേത്. നല്ല കോയക്കിവിടെ ഭൂമി ഉണ്ട്. ദ്വീപിന്റെ വിസ്തൃതി ആകെ തെങ്ങ് കൃഷി. കാണ്ഡബലത്തിലും ഇലപ്പെരുമയിലും കാഫലത്തിലും നമ്മുടെ തെങ്ങിൻ തോപ്പുമായി ഇവക്ക് ഒരു താരതമ്യവുമില്ല. കോയ കരിക്കു പറിച്ചു. ദ്വീപുകാരുടെ ചുരുള. ഏതു ക്ഷീണത്തെയും ബംഗാരത്തെ ചുരുള കുടഞ്ഞെറിയും. ബംഗാരത്തിന്റെ പാതിയും പാശ്ചാത്യരുടെ രംഗഭൂമി. ആ മണൽ പരപ്പിൽ നൂൽ ബന്ധമേതുമില്ലതെ അവർ വെയിൽ കാഞ്ഞു കിടക്കുന്നു. തെങ്ങോലകൊണ്ട് കെട്ടിയ കുഞ്ഞു കുടിലുകൾ. ഇവിടെ ആധുനികമായ സർവ സന്നാഹങ്ങളും. അതിനകത്തും പുറത്തും സാംസ്കാരികാധിനിവേശത്തിന്റെ ആക്രോശങ്ങളും ആഭാസങ്ങളും. അതുവഴി നടക്കാനാഞ്ഞ എന്നെ നല്ല കോയ തടഞ്ഞു. സാറേ ആ വഴി വേണ്ട. നമുക്ക് ഇതുവഴി പോകാം. "ബംഗാരം ഞാൻ കാണിച്ചുതരാം.". "ഇതും ബംഗാര കാഴ്ചകളല്ലേ കോയ." വെറുതെ അയാളെ ഒന്ന് പ്രകോപിപ്പിച്ചു. നല്ല കോയ കണ്ണിറുക്കിച്ചിരിച്ചു.

യൂറോപ്യരുടെ അഴിഞ്ഞാട്ട തീരം വിട്ട് ബംഗാര സൗന്ദര്യത്തിന്റെ അപാരതയിലേക്കിറങ്ങി നടന്നു. സ്ഥിര താമസക്കാരില്ലാത്ത ദ്വീപ് അതുകൊണ്ടുതന്നെ വിജനം. വിസ്തൃതമായ തെങ്ങിൻ തോപ്പിൽ അശ്രദ്ധമായി വളർന്നുനിൽക്കുന്ന കുറ്റിക്കാട്. അപൂർവമായി അവിടവിടെ തെങ്ങിൻ മടലുകൊണ്ട് കെട്ടിയ മാടങ്ങൾ. അഗത്തിയിൽ നിന്നും വല്ലപ്പോഴും നാളികേരത്തിനെത്തുന്നവർ ഭക്ഷണത്തിനും വിശ്രമത്തിനും ഉപയോഗിക്കുന്നു. കുറ്റിക്കാടുകളിൽനിന്നും നാടൻ കോഴികൾ ഞങ്ങളെ

കണ്ട് ചിക്കി പറന്നു. അഗത്തിയിൽനിന്ന് ഏതോ കുസൃതികൾ കൊണ്ടിട്ടതാവാം. കൃഷിപ്പണിക്ക് എത്തുന്നവർ ഇവയെ അറുത്തു തിന്നുമത്രേ. കുറുക്കനും പട്ടിയുമൊന്നും ഇല്ലാത്തതുകൊണ്ട് അവർ തീർത്തും സുരക്ഷിതർ. ഏതായാലും മനുഷ്യരോടവർക്ക് അത്ര ഇണക്കം പോരാ. ചുറ്റും ഉപ്പുജലത്തിന്റെ അഗാധത. കരയുടെ ഈ ഇത്തിരിപൊട്ടിൽ വെറുതെയൊന്ന് മാന്തിത്തുരന്നാൽ ശുദ്ധജലത്തിന്റെ ഇന്ദ്രജാലപ്പെരുമ. *രണ്ടു സാഗരങ്ങളെ കൂട്ടിച്ചേർത്തതും അവൻ തന്നെയാകുന്നു. ഒന്ന് ആസ്വാദ്യകരമായ തെളിനീർ. മറ്റേത് ചവർപ്പുറ്റ ഉപ്പ് നീരും. രണ്ടിനുമിടയിൽ ഒരു മറ. ഇവ കൂടിക്കലരുന്നത് വിലക്കുന്ന ഒരു തടസ്സം.* വന്നു മടങ്ങിയ കുസൃതികളാരോ മാന്തിയ ശുദ്ധജലകുഴികൾ ധാരാളം. അതിലൊക്കെയും ശുദ്ധജലത്തിൽ മാത്രം വളരുന്ന പരൽ മത്സ്യങ്ങൾ നീന്തി നടക്കുന്നു.

നല്ല കോയ ബദ്ധപ്പെട്ട് നിന്നു: "നമുക്ക് ആഹാരം ഉണ്ടാക്കണ്ടേ സാറേ. കറി വെക്കാനുള്ള മീൻ കടലിൽ നമ്മെ കാത്തിരിക്കുന്നു." കോയ തിരികെ നടന്നു, മറ്റൊരു വഴിയിലൂടെ. വഴിയില്ല. കോയ പുതുവഴി വെട്ടുകയാണ്. ഈ കടലിലും കരയിലും എവിടെ കണ്ണുകെട്ടി തള്ളിയാലും സുരക്ഷിതനായി ഈ കോയ തിരിച്ചെത്തും. അതിനുള്ള ഭൂപടവും പഥനിർദേശികയും ഈ കടൽ കോയക്ക് സ്വന്തം. നടത്തത്തിനിടയിൽ അന്തിച്ചുനിന്നു. ശുദ്ധമാർന്ന മാപ്പിളപ്പാട്ടിന്റെ ഇശലുകൾ. സ്ഥിരപാർപ്പില്ലാത്ത ഈ ഇത്തിരിതുരുത്തിൽ എവിടെ നിന്നാണീ അശരീരി. അറിയാതെ ചെവി വട്ടം പിടിച്ചു. കാട്ടുപൊന്തകൾ വകഞ്ഞുമാറ്റി ശബ്ദത്തിന്റെ ഉടൽ അന്വേഷിച്ചുപോയി. സംശയമേയില്ല. പാട്ടുകൾ യു.കെയുടേത്. 'മിന്നിത്തിളങ്ങും മിന്നാമിനുങ്ങിന്റെ കൂട്ടമെന്നോണം...' കൗതുകം ഉദ്വേഗമായി. എന്റെ വേഗതയോടൊപ്പമാകാൻ കോയ ആഞ്ഞു നടന്നു. ഭയം വേണ്ട. ഇഴജന്തുക്കളില്ല. ബംഗാരത്തെ നാളികേരം കൊപ്രയാക്കാൻ അഗത്തിയിൽ നിന്നെത്തിയ ജോലിക്കാർ. അവരെത്തിയിട്ട് എട്ടുപത്ത് ദിവസമായി. ഒരാഴ്ച കൂടി. അപ്പോൾ അവർ കൊപ്ര ചാക്കുകളുമായി മടങ്ങും. തെങ്ങോലകൊണ്ട് കുത്തിമറച്ച ഒറ്റമുറി. അതിന്റെ കോലായിലിട്ട ഓലത്തടുക്കിലിരുന്ന് അവർ കൊപ്ര കീളുന്നു. തൊഴിൽ കാഠിന്യത്തെ ആറ്റിത്തണുപ്പിക്കാൻ പാട്ടിൻ ശീലിനോളം പോന്ന മറ്റെന്തുണ്ട്. തേങ്ങാപീരയിൽ തെങ്ങിൻ ചക്കര തിരുമ്മിക്കൂട്ടിയത് ഭക്ഷണം. ഒരു പാത്രം നിറയെ കടും ചായയും. അവർ ഞങ്ങളെ ഭക്ഷണത്തിന് ക്ഷണിച്ചു. മുന്നിലെ താമ്പാളത്തിലെ വിഭവവിശേഷങ്ങൾ ചോദിച്ചറിഞ്ഞു. നല്ല കോയയുമായി നാട്ടുഭാഷയിൽ അവർ വർത്തമാനം പറഞ്ഞു ചിരിച്ചു. വീട്ടിൽ പറയാൻ വിശേഷങ്ങൾ ഏൽപിച്ച് പിരിഞ്ഞു. പോരുമ്പോഴും മനസ്സിൽ ഇരമ്പി നിന്നത് യു.കെ പാട്ടുകൾ. അങ്ങു ദൂരെ കേരളത്തിൽ എന്റെ ഗ്രാമത്തിലെ പ്രസിദ്ധമായ വിദ്യാഭ്യാസ സ്ഥാപന വാർഷികത്തിൽ ആലപിക്കാൻ എന്റെ അധ്യാപകൻ യു.കെ ഇബ്റാഹീം മൗലവി എഴുതിയ സൗമ്യഗീതകം ഒറ്റപ്പെട്ട ഈ തുരുത്തിന്റെ ഗഹന ഗഹ്വരതയിൽ കേൾക്കുക. അപ്രതീക്ഷിതമായ വിസ്മയം തന്നെ.

കോയ ധൃതി കൂട്ടി. ചൂണ്ടയും ഉപകരണങ്ങളുമായി അയാൾ തീരത്തേക്ക് ഓടി. കുഞ്ഞു തോണി(ബർക്കാസ്)യിൽ കയറി ഞങ്ങൾ ലഗൂണിലേക്ക്. ഒരുക്കിവെച്ച ചൂണ്ടകൊളുത്തുകൾ കോയ ലഗൂണിലേക്ക് വീശിയെറിഞ്ഞു. എന്നിട്ട് ബർക്കാസിന്റെ അമരത്തിരുന്ന് പാട്ടുപാടി. ഒത്ത വൃത്തത്തിലും പദവടിവിലും ദ്വീപിന്റെ സ്വന്തം പാട്ടുകൾ. "കുത്തണ്ടാ ചേറണ്ടാ ഓട്ടിലിട്ടു വറക്കണ്ടാ." പൊടുന്നനെ കോയ പാട്ടു നിർത്തി. ചൂണ്ടകയർ ആഞ്ഞു പിടിച്ച കൈവിരലുകൾക്കെന്തോ വെളിപാട് വന്നപോലെ. ചൂണ്ടനാരുകൾ കോയ ആഞ്ഞു വലിച്ചു. അതിലൊക്കെയും വെള്ളി മത്സ്യങ്ങൾ കിടന്നു പുളഞ്ഞു. അവയൊക്കെ ചൂണ്ടകൊളുത്തിൽനിന്നും കോയ അരുമയോടെ വേർപ്പെടുത്തി. ഓരോ ചൂണ്ട എറിയുമ്പോഴും കോയ ബിസ്മി ചൊല്ലി. ദുആ ചെയ്തു. ഉച്ച ചൂടിന്റെ പൊള്ളുന്ന താപ വീര്യം. എത്രയും പെട്ടെന്ന് തിരിച്ചുപോരണം. കോയ ചോറ് വെച്ചു. തേങ്ങാച്ചാറിൽ മാത്രം ഉടഞ്ഞു വെന്ത പച്ചരിച്ചോർ, അപ്പോൾ പിടിച്ച മീൻ കറി. അറബിക്കടലിലൊരു മധ്യാഹ്ന ഭക്ഷണം.

ബംഗാരത്ത് വൃത്തിയുള്ള പള്ളിയുണ്ട്. വർഷങ്ങൾക്ക് മുമ്പ് ഏതോ ദ്വീപിലെ കോയയുടെ വഖ്ഫ് ആയിരിക്കാം. കൂടുതലൊന്നും നല്ല കോയക്ക് അറിയില്ല. തന്റെ ബാല്യത്തിൽ ബാപ്പയോടൊപ്പം ബംഗാരത്ത് വന്നപ്പോഴും ഈ പള്ളി അയാൾ കണ്ടിട്ടുണ്ടത്രെ. അപരാഹ്നത്തോടെ അഗത്തിയിലേക്ക് മടങ്ങണം. ഓർത്തപ്പോൾ മനസ്സ് കാളി. പക്ഷേ, കടൽ ചാകര കടലുപോലെ. ബംഗാരത്തിന്റെ മായിക ദൃശ്യങ്ങൾ ബോട്ടിന്റെ വേഗത ക്രമാനുഗതമായി അപ്രത്യക്ഷമാക്കി. ബോട്ടിൽ കോയയുടെ ധൈര്യ സാന്നിധ്യം.

കോയമാർ കോഴിക്കോടിനും ദ്വീപിനും സ്വന്തം. ഇന്ത്യൻ ഉപദ്വീപിൽ പുരാതന തുറമുഖങ്ങൾ നിരവധി. അവിടെയൊന്നുമില്ലാത്ത അപൂർവതകൾ കോഴിക്കോടിന് സ്വന്തം. വിശ്വസ്തതയുടെയും

സത്യസന്ധതയുടെയും അപൂർവതകൾ. ഇതിനു കാരണം അറബി പേർഷ്യൻ ഇസ്‌ലാമിക സമ്പർക്കം. സത്യസന്ധതയുടെ ഈ വ്യാപാര നഗരം തേടിയാണ് വാസ്കോഡഗാമ കോഴിക്കോട് എത്തിയത്. മറ്റു തുറമുഖങ്ങളിൽ നങ്കൂരം വീണ കപ്പലുകൾ നാട്ടുകാർ നിർദയം കൊള്ള ചെയ്തു. ഇതിൽനിന്നും ഭിന്നമായി കോഴിക്കോടൻ ചരക്കുകൾ സുരക്ഷിതമായി പത്തേമാരികളിൽ കയറി ഇറങ്ങി. ഈ സുരക്ഷിതത്വം ഉറപ്പ് വരുത്തിയത് മുസ്‌ലിംകൾ. ഈ സത്യസന്ധതകൊണ്ടാവാം മുഖ്യ തുറമുഖ ഉദ്യോഗസ്ഥനെ ഷാ ബന്ദർ കോയ എന്നു വിളിച്ചു. ഷാ: രാജാവ്. ബന്ദർ: തുറമുഖം. തുറമുഖാധിപൻ കോയ. കോയ എന്നാൽ ഖോജാ എന്ന പേർഷ്യൻ പദത്തിന്റെ പ്രാദേശിക വഴക്കം. ഖോജ എന്നാൽ കുലീനൻ. കോയമാർ കുലീനരാണ്. അങ്ങനെ കുലീനന്മാർ കോയമാരായി. ഈ കോയ പരമ്പരയിലെവിടെയോ ചിതറിത്തെറിച്ചു മുളച്ചതാകാം ചാളക്കാടൻ നല്ല കോയ. സമുദ്രമൊരു കാവ്യമാണ്. നല്ല കോയയൊരു മഹാകാവ്യവും. ■